ചുരുക്കിയ മറുപടി

**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.46

25/04/2017 ന് മറുപടി നൽകേണ്ടിയിരുന്നത്

**മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷനിലുള്ള സർക്കാർ ജീവനക്കാർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.വിൻസെന്റ്** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അതിൽ ഡെപ്യൂട്ടേഷനിൽ ഉള്ള സർക്കാർ ജീവനക്കാർ ആരെല്ലാമാണ്; | എ) | 23 പേർ; ഡെപ്യൂട്ടേഷനിൽ ആരുമില്ല |
| ബി) | ഇതിന് പുറമെ ടൂറിസത്തിൽ നിന്നും എത്രപേർ വസതിയിൽ ഉൾപ്പെടെ ജോലി നോക്കുന്നു; | ബി) | മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ ടൂറിസം വകുപ്പിൽ നിന്നും ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരനും 11 ദിവസ വേതനക്കാരും ജോലി ചെയ്യുന്നു |
| സി) | മുഖ്യമന്ത്രിയുടെ വിവിധ ഉപദേശകരായി എത്രപേരെ നിയോഗിച്ചിട്ടുണ്ട്; ഉപദേശകർക്കും പ്രസ്തുത സ്റ്റാഫിനുമായി ഒരു മാസം എത്ര രൂപ ചെലവാകുന്നു എന്ന് വ്യക്തമാക്കുമോ? | സി) | 6 പേരെ;<br>നിലവിൽ മുഖ്യമന്ത്രിയുടെ സയന്റിഫിക് അഡ്വൈസറായ ശ്രീ.എം.ചന്ദ്രദത്തൻ, മീഡിയ അഡ്വൈസറായ ശ്രീ.ജോൺ ബ്രിട്ടാസ്, സാമ്പത്തിക ഉപദേഷ്ടാവായ ശ്രീമതി.ഗീതാ ഗോപിനാഥ്, ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവായ ശ്രീ.രമൺ ശ്രീവാസ്തവ എന്നിവരെ പ്രതിഫലം കൂടാതെ സേവനമനുഷ്ഠിക്കുമെന്ന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ശ്രീ.എം.കെ.ദാമോദരനെ നിയമ ഉപദേഷ്ടാവായി നിയമിച്ചുവെങ്കിലും ചുമതലയേറ്റിട്ടില്ല.<br>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിനും ഉപദേശകർക്കുമായി 2017 മാർച്ച് മാസം ശമ്പള ഇനത്തിൽ 11,23,437/- രൂപയും ഉപദേശകരുടെ വാഹന ഇന്ധനത്തിന് 2017 മാർച്ച് മാസം 20,631/- രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ